1. കണ്ണ് ഓപ്പറേഷൻ വാർഡ് 27.5.1999 മുതൽ പ്രവർത്തനം ആരംഭിച്ചു.

2. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടപണി പുരോഗമിക്കുന്നു.

3. എൻഡോസ്കോപ്പി യൂണിറ്റ് സ്ഥാപിക്കുന്നകാര്യം പരിഗണനയിൽ ഉണ്ട്.

4. ജില്ലാ പഞ്ചായത്തിൽനിന്നും ഒരു വാട്ടർകൂളറും 40 കട്ടിലുകളും ലഭിച്ചിട്ടുണ്ട്. പീഡിയാട്രിക് സക്കർ ലഭിച്ചിട്ടുണ്ട്. ഐ.സി. യൂണിറ്റ്, ആമ്പുലൻസ് ഷെഡ് എന്നിവയ്ക്കുള്ള ടെൻഡർ ജില്ലാ പഞ്ചായത്തുവഴി ആയിട്ടുണ്ട്.

(ബി) മേൽ പ്രസ്താവിച്ചതിലുപരിയായി ആശുപത്രിയുടെ വികസനം സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. ആശുപത്രിയുടെ ഭരണം ജില്ലാ പഞ്ചായത്തിനു വിട്ടുകൊടുത്തിട്ടുള്ളതിനാൽ ഇനി ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് ജില്ലാ പഞ്ചായത്താണ്.

140 (2326) ഇൻപേഷ്യന്റ് വിഭാഗം

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിച്ചുകൊണ്ടിരുന്ന സ്വന്തമായി കെട്ടിട സൗകര്യമുള്ള പല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഇപ്പോൾ കിടത്തി ചികിത്സിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട സൗകര്യമുള്ള മുഴുവൻ പി.എച്ച്. സെന്ററുകളിലും ഇൻപേഷ്യന്റ് വിഭാഗം ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ;

(സി) ഇതിനായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അധിക തസ്തിക സൃഷ്ടിക്കുമോ;

(ഡി) എത്ര തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിടത്തി ചികിത്സ നടത്താൻ ആവശ്യമായ സ്റ്റാഫിന്റെ അപര്യാപ്തതമൂലം പല കേന്ദ്രങ്ങളിലും കിടത്തി ചികിത്സ തുടങ്ങാൻ സാധിച്ചിട്ടില്ല. ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കാൻ 1 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുണ്ട്.

(സി)-(ഇ) നിലവിലുള്ള സ്റ്റാഫ് പാറ്റേൺ 1961-ൽ ഉള്ളതാണ്. ആയത് പുനർനിർണ്ണയം ചെയ്ത് കൂടുതൽ ഡോക്ടർമാരേയും മറ്റ് ജീവനക്കാരേയും

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ഡി.എച്ച്.എസ്സിനോടാവശ്യപ്പെടുകയും 11.6.1999-ന് ഡി.എച്ച്.എസ്. നിർദ്ദേശം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു. സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചശേഷം മാത്രമേ അധികമായി സൃഷ്ടിക്കേണ്ടുന്ന തസ്തികകളുടെ കൃത്യമായ എണ്ണം കണക്കാക്കാൻ കഴിയുകയുള്ളൂ.

141 (2327) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നിർമ്മിക്കുന്ന ക്യാൻസർ, ചെസ്റ്റ് ആശുപത്രികൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നിർമ്മിക്കുന്ന ക്യാൻസർ, ചെസ്റ്റ് ആശുപത്രികളുടെ പണി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത പണി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പണികൾക്കാവശ്യമായ പണത്തിന്റെ ലഭ്യത കണ്ടെത്തുന്നത് എങ്ങനെയാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി)ക്യാൻസർ സെന്റർ സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. ചെസ്റ്റ് ആശുപത്രിയിൽ ഐ.സി.സി.യു. സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമുണ്ട്.

142 (2328) ഹെപ്പെറ്റൈറ്റീസ് ബി രോഗം ബാധിച്ചവർ

ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനിക്കുന്ന കുട്ടികളിൽ ഹെപ്പെറ്റൈറ്റീസ് ബി രോഗം ബാധിച്ചവർ എത്രശതമാനം വരും;

(ബി) ഈ രോഗപ്രതിരോധത്തിനുള്ള സർവ്വത്രിക കുത്തിവയ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അത് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ഈ രോഗംമൂലമുള്ള പ്രതിവർഷമരണ നിരക്ക് എത്രയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ബി)&(സി) ഇത്തരം ഒരു പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കാര്യം ആലോചിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly